ബൈബിൾ രഹസ്യങ്ങൾ

ആത്മാവ് – വചനം – ആമേൻ

abraham_mukkath@yahoo.com

ആത്മാവ് – വചനം

ആമേൻ

ആത്മാവ് – വചനം – ആമേൻ

ദൈവം ആദാമിനെ സൃഷ്ടിച്ചത് രണ്ട് സത്തകളെ ഉപയോഗിച്ചിട്ടാണ്. ഒന്ന് ഭൂമിയിലെ പൊടി. രണ്ട് തന്നിൽ നിന്നും ജീവശ്വാസം. ജീവശ്വാസവും ശ്വാസവും രണ്ടാണ്. ശരീരം പഞ്ചഭൂതങ്ങളാൽ നിർമ്മിതം. അതിലേക്ക് പ്രവേശിക്കുന്ന ജീവശ്വാസം (ജീവൻ) മനസും ബുദ്ധിയും ഒക്കെ ചേർന്നതാണ്. ആത്മാവ്(ദൈവം) അതേരൂപത്തിലും മനുഷ്യശരീരത്തിലേക്ക് പ്രവേശിക്കുന്നുണ്ട്. അങ്ങനെ ദേഹം ദേഹി ആത്മാവ് ഈ മൂന്നും ചേർന്നതിനെ മനുഷ്യൻ എന്ന് പറയുന്നു.

പത്തിന്ദ്രിയങ്ങളും(കണ്ണ്, കാത്, മൂക്ക്, നാക്ക്, ത്വക്ക്– കൈയ്യ്, കാല്, നാക്ക്, ഉപസ്ഥം–ഉത്പാദനേന്ദ്രിയം–വിസർജ്ജനേന്ദ്രിയങ്ങൾ), അഞ്ച് പ്രാണനും(പ്രാണൻ, അപാനൻ, സമാനൻ, വ്യാനൻ, ഉദാനൻ) മനസും, ബുദ്ധിയും ചേർന്ന് (17 ഘടകങ്ങൾ) ഒരു സൂക്ഷ്മ ശരീരം. അതിൽ ജീവനും ആത്മാവും. ഇത്രയുമാണ് ശരീരത്തിലേക്ക് പ്രവേശിക്കുന്നത്. അഥവാ നാം ഇന്നു കാണുന്ന പഞ്ചഭൂത നിർമ്മിതമായ ശരീരത്തിനുള്ളിൽ പഞ്ചതന്മാത്രാ നിർമ്മിതമായ ഒരു സൂക്ഷ്മ ശരീരം ഉണ്ട്. മരണത്തോടെ വേർപ്പെട്ട് പോകുന്നതും ഈ സൂക്ഷ്മശരീരമാണ്.

ദേഹം:– ജനന മരണങ്ങൾ ഉള്ളതും മാതാപിതാക്കളിൽ നിന്നും ഉണ്ടാകുന്നതുമായ മാംസം രക്തം, അസ്ഥി, മജ്ജ. മുതലയവയോടുകൂടിയ ശരീരമാണ് ദേഹം എന്നറിയപ്പെടുന്നത്. ജനിക്കുകയെന്നാൽ ദേഹിക്ക് ഒരു പുതിയ ശരീരം ഉണ്ടാകുന്നു എന്നും മരിക്കുകയെന്നാൽ ദേഹി ആ ശരീരത്തിൽ നിന്നും വേർപ്പെടുന്നു എന്നുമാണ്. ജനനമരണങ്ങൾ ശരീരത്തിനു മാത്രമാണ് ദേഹിക്കല്ല. അതുകൊണ്ട് ദേഹവിയോഗം ദേഹിയുടെ നാശമല്ല, അഥവ ദേഹിക്ക് മരണമില്ല.

ദേഹി:– ഇന്ദ്രിയങ്ങൾ, മനസ്, ബുദ്ധി, ചിത്തം, അഹംബോധം, പ്രാണൻ (ജീവശക്തി) ആത്മാവ് മുതാലയവയാണ് ദേഹിയിൽ ഉള്ളത്, ദേഹത്തെ ചലിപ്പിക്കുന്നതും ചേതനമാക്കുന്നതുമെല്ലാം ദേഹിയാണ്. ദേഹത്തെ പ്രവർത്തിപ്പിക്കുന്ന ശക്തി ജീവശക്തി(പ്രാണൻ) എന്നറിയപ്പെടുന്നു. ദേഹത്തിൽ നിന്നും ദേഹി വേർപ്പെടുമ്പോൾ പ്രാണനും വേർപ്പെടുന്നതുകൊണ്ടാണ് ദേഹി നിശ്ചലമാകുന്നത്.

ആത്മാവ്:– ദേഹിയിൽ നിന്നും വ്യത്യസ്ഥമാണ് ജീവൻ അഥവാ ജീവാത്മാവ്. ആത്മാവായ ദൈവം ദേഹിയിൽ പ്രതിഫലിക്കുമ്പോൾ ജീവൻ എന്നറിയപ്പെടുന്നു. ആത്മാവിന്റെ പ്രതിരൂപമാണ് ജീവൻ. ജീവന് ആത്മാവിനേക്കൂടാതെ സ്വതന്ത്രമായി നിലനിൽപ്പില്ല. ആത്മാവായ ദൈവം തന്നെയാണ് ഇന്ദ്രിയമനോബുദ്ധിയാദികളിൽ പ്രതിബിംബിച്ച് ജീവനായിത്തീരുന്നത്.

ഇന്ദ്രിയങ്ങളും, മനസും ബുദ്ധിയുമെല്ലാം സ്വയം ചേതനമല്ല. അവയ്യൊന്നും സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയില്ല. പ്രജ്ഞ, ബോധം എന്നൊക്കെ നാം പറയുന്നത് ആത്മാവിന്റെ ആവിർഭാവത്തെയാണ്. ആത്മാവിന്റെ സാന്നിദ്ധ്യത്തിൽ ജീവൻ പ്രകടമാകുന്നു. ആത്മാവില്ലായിരുന്നെങ്കിൽ ജീവൻ ഉണ്ടാകുമായിരുന്നില്ല. ആത്മാവാണ് ദൈവം എന്നറിയപ്പെടുന്നത്. ആത്മാവ് നിത്യമാണ്. അതിന് ഉൽപത്തിയോ നാശമോ ഇല്ല. ആൽഫയും ഒമേഗയുമാകുന്നു എന്ന് ബൈബിൾ പറയുന്നു. സൃഷ്ടിക്കു മുമ്പും ലോകാവസാനത്തിനുശേഷവും ആത്മാവുണ്ടായിരിക്കും. ആത്മാവ് സർവ്വവ്യാപിയാണ് ഒരു സൂര്യനെ നാം ആയിരം വെള്ളം നിറച്ച പാത്രത്തിൽ ആയിരം സൂര്യനായി പ്രതിബിംബിച്ച് കാണുന്നതുപോലെ ഒരേ ആത്മാവ് (ദൈവം) അസംഖ്യം ശ

രീരങ്ങളിൽ ജീവനായി ദർശിക്കുന്നു. ഈ സത്യം നമ്മോട് യേശുക്രിസ്തു പറയുന്നുണ്ട്. നിങ്ങൾ മറ്റുള്ളവരോട് ചെയ്യുന്നതെല്ലാം എന്നോട് തന്നെയാണ്.

വെള്ളത്താലുണ്ടായ ഭൂമിയെന്ന് ബൈബിൾ പറയുന്നുണ്ടെങ്കിലും വെള്ളം എവിടെനിന്നു ഉണ്ടായി എന്ന് പറയുന്നില്ല. സൃഷ്ടിയുടെ ചില ഭാഗങ്ങൾ മാത്രമേ ബൈബിളിൽ നമുക്ക് കാണാൻ കഴിയുന്നുള്ളൂ. അതും കൃത്യമായ ഒരു ക്രമത്തിലല്ല. ഭൂമിയുണ്ടായത് വെള്ളത്തിൽ നിന്നെങ്കിൽ വെള്ളത്തിനും ഒരു ഉത്ഭവസ്ഥാനം കാണണം.

ആഴത്തിൻ മീതെ ഇരുൾ ഉണ്ടായിരുന്നു എന്ന് ഉൽപത്തിപുസ്തകത്തിൽ കാണുന്നു. ഈ ഇരുളിന് സൃഷ്ടിയുമായി അല്ലെങ്കിൽ ദൈവവുമായി എന്തു ബന്ധം? വചനം സൃഷ്ടിയിലെ ഒരു പ്രധാന ഘടകമാണ്. യോഹന്നാൻ ആണ് വചനത്തെക്കുറിച്ച് പറയുന്നത്. വചനം ആദിയിൽ ദൈവത്തോടുകൂടെയുണ്ടായിരുന്ന ദൈവം തന്നെയാണ്, അങ്ങനെയെങ്കിൽ ആദിയിൽ ആത്മാവും(ദൈവം) വചനവുമുണ്ടായിരുന്നു എന്ന് വേണം മനസിലാക്കാൻ. ഏലോഹീം എന്ന പദം ബഹുവചനരൂപമാണ്. ആത്മാവും വചനവും സൃഷ്ടിക്കുമുമ്പുള്ളതും, വചനം ആത്മാവിന്റെ ഇച്ഛക്കനുസരിച്ച് ജഡരൂപം പ്രാപിക്കുന്നതുമാണ്. 'വചനം ജഡമായിത്തീർന്നു. വചനത്തെക്കൂടാതെ ഒന്നും ഉളവായിട്ടില്ല'. വചനം(WORD) 'ആമേൻ' എന്ന് പേരായവൻ ആണ് (വെളിപ്പാട്). അൽഫയും ഒമേഗയുമെല്ലാം വചനമാണ്. സൃഷ്ടാവായ ദൈവം വചനമോ, ആത്മാവോ എന്നത് ചിന്തനീയമാണ്.

ഇരുൾ എന്തായിരിക്കും, വെള്ളം എവിടെനിന്നും ഉണ്ടായി എന്നൊക്കെ അന്വേഷിക്കുമ്പോൾ നമുക്ക് ചില കാര്യങ്ങൾ മനസിലാകും. ഭാരതീയ ദർശനങ്ങൾ ഈ തരം ചോദ്യങ്ങൾക്ക് ഉത്തരം തരുന്നുണ്ട്. അത് ചുരുക്കി താഴെ രേഖപ്പെടുത്തുന്നു.

പഞ്ചഭൂതസൃഷ്ടി

തമഃപ്രധാനപ്രകൃതി വിശിഷ്ടാൽ പരമാത്മനഃ
അഭൂൽ സകാശാദാകാശമാകാശാൽ വായുരുച്യതേ 335
വായോരഗ്നിസ്തതൈവാഗ്നേരാപോപ്പത്ഭ്യഃ പൃഥിവീ ക്രമാൽ
ശക്തേഃ തമഃപ്രധാനത്വം തൽകാർയ്യേ ജാഡ്യദർശനാൽ 336

എട്ടുകാലിയുടെ ശരീരത്തിൽനിന്നു വല കെട്ടാനാവശ്യമായ നൂലുണ്ടാവുന്നതുപോലെ ഈശ്വരശരീരത്തിൽനിന്നു ജഗൽ സൃഷ്ടിക്കാവശ്യമായ പദാർത്ഥങ്ങളെങ്ങിനെയുണ്ടാവുന്നു എന്നാണെങ്കിൽ പറയാം. പരമാത്മാവിന്റെ തമോഗുണപ്രധാനമായ പ്രകൃതിയിൽനിന്ന് അദ്യംതന്നെ ആകാശവും, ആകാശത്തിൽ നിന്ന് വായുവും, വായുവിൽനിന്നു അഗ്നിയും, അഗ്നിയിൽനിന്നു ജലവും, ജലത്തിൽനിന്നു ഭൂമിയുമുണ്ടാവുന്നു. ഇവ സൂക്ഷ്മ പഞ്ചഭൂതങ്ങളാണ്. സൂക്ഷ്മങ്ങളായ എല്ലാ വസ്തുക്കളുടെ സൃഷ്ടിക്കും ഈ പഞ്ചഭൂതങ്ങളാണ് ഉപാദാനം. ഇവതന്നെ അന്യോന്യം കൂടിച്ചേർന്നു സ്ഥൂലങ്ങളായിത്തീരുമ്പോൾ സ്ഥൂലസൂക്ഷ്മങ്ങളായ ജഗദ്വസ്തുക്കളുടെ മുഴുവൻ സൃഷ്ടിക്കും ഉപാദാനം പഞ്ചഭൂതങ്ങൾ മാത്രമെണന്നു താല്പര്യം. അവയാകട്ടെ പരമാത്മാവിന്റെ തമഃപ്രകൃതിയിൽനിന്നുണ്ടാവയുമാണ്.

തമഃ പ്രകൃതിയിൽ നിന്നാണുണ്ടായതിനെന്താണ് തെളിവെന്നാണെങ്കിൽ തമസ്സിന്റെ ലക്ഷണമായ ജാഡ്യം പഞ്ചഭൂതങ്ങളിൽ സ്വാഭാവികമായി കണ്ടുവരുന്നു. കാരണധർമ്മം കര്യത്തിലുണ്ടായിത്തീരുന്നതു സ്വഭാവികമാണല്ലോ. പഞ്ചഭൂതങ്ങളുടെ ജാഡ്യസ്വഭാവം അവയുടെ കാരണമായ പ്രകൃതിയിൽ നിന്നല്ലാതെ മറ്റൊന്നിൽനിന്നും വരാൻവയ്യ. അതിനാൽ തമഃപ്രകൃതിയിൽ നിന്നാണ് പ്രഞ്ചഭൂതങ്ങളുണ്ടായതെന്നു വരുന്നു. ആദ്യത്തിൽ എങ്ങും ഒഴിവാകുന്ന ആകാശമുണ്ടായി. അനന്തരം അതിന്റെ ഒരംശത്തിന് ചലനമുണ്ടായി. പ്രസ്തുത ചലനംതന്നെ വായു. വായു തമ്മിൽ കൂട്ടി

മുട്ടിയപ്പോൾ ജ്യോതിസ്സുണ്ടായി. ആ ജ്യോതിസ്സ് അഗ്നിയും, അഗ്നിയുടെ സ്വേദം ജലവും, ജലത്തിന്റെ ഊറൽ ഭൂമിയുമായിത്തീർന്നു. ഈ പഞ്ചഭൂതങ്ങൾ പിന്നീട് സ്ഥൂലസൂക്ഷ്മങ്ങളായ എല്ലാ ജഗൽപദാർത്ഥങ്ങൾക്കും ഉപാദാനവുമായിത്തീർന്നു.

(കടപ്പാട്: സർവവേദാന്തസിദ്ധാന്ത സാരസംഗ്രഹം)

7. തതഃ പരം ബ്രഹ്മപരം ബൃഹന്തം
യഥാനികായം സർവ്വഭൂതേഷു ഗൂഢം
വിശ്വസ്യൈകം പരിവേഷ്ടിതാര-
മീശം തം ജ്ഞാത്വാമൃതാ ഭവന്തി.

യാതൊരുത്തൻ മുൻപു പറഞ്ഞിരിക്കുന്ന ജീവിസമുദായരൂപമാകുന്ന ജഗത്തിലും ഹിരണ്യഗർഭനാമബ്രഹ്മത്തിലും സർവ്വഥാ ശ്രേഷ്ഠനായിരിക്കുന്നുവോ എല്ലാ ജീവികളിലും അവയുടെ ശരീരത്തിനനുരൂപമായി ഒളിഞ്ഞിരിക്കുന്നുവോ, എല്ലാ ലോകത്തേയും എല്ലാ ഭാഗങ്ങളിൽ കൂടിയും വലയം ചെയ്യപ്പെട്ടിരിക്കുന്നുവോ, അതുപോലെ സർവ്വത്ര വ്യാപ്തവും മഹത്തും ആയിരിക്കുന്നുവോ അങ്ങനെയുള്ള ഏകമാത്രനായ ആ പരമേശ്വരനെ അറിഞ്ഞിട്ട്, ജ്ഞാനികൾ എന്നെന്നേയ്ക്കുമായുള്ള അമരത്വത്തെ പ്രാപിക്കുന്നു. പിന്നീട് അവർക്കു ജനനമരണങ്ങൾ ഉണ്ടാകുന്നില്ല.

8.വേദാഹമേതം പുരുഷം മഹാന്തം
ആദിത്യവർണ്ണം തമസഃപരസ്താത്
തമേവം വിദ്വാൻ അമൃത ഇഹ ഭവതി
നാന്യഃ പന്ഥാ വിദ്യതെ/യനായ (ശ്വേതാശ്വതരോപനിഷത്ത്)

ജ്ഞാനിയായ ഒരു മഹാൻ പറയുന്നു – ഈ മഹാന്മാരെക്കാളും മഹാനായ പരമപുരുഷോത്തമനെ ഞാനറിയുന്നു. അദ്ദേഹം അവിദ്യാരൂപമാകുന്ന അന്ധകാരത്തിനും സർവ്വഥാ അതീതനാണ്. അതേപോലെ സൂര്യനു തുല്യം സ്വയംപ്രകാശരൂപനാകുന്നു. അദ്ദേഹത്തെ അറിയുന്നതുകൊണ്ടുതന്നെ മനുഷ്യൻ മൃത്യുവിനെ ഉല്ലംഘനം ചെയ്യുന്നതിൽ – ഈ ജനനമരണങ്ങളുടെ ബന്ധനങ്ങളിൽനിന്ന് സ്വാതന്ത്ര്യം പ്രാപിക്കുന്നതിൽ – കഴിവുള്ളവനായിത്തീരുന്നു. പരമ പദത്തെ പ്രാപിക്കുന്നതിന് ഇതല്ലാതെ മറ്റു യാതൊരുപായവുമില്ല.

‘‘അന്ധകാരത്തിനപ്പുറത്തുള്ള മഹിമയുള്ളവനായ ഈ പുരുഷനെ ഞാൻ അറിയുന്നു. അവനെയറിഞ്ഞിട്ട് ഒരുവൻ അമൃതത്വം നേടുന്നു. അമൃതത്വത്തിലേക്ക്-മോക്ഷത്തിലേക്ക്-വേറെ വഴിയില്ല’’.

സൂര്യപ്രഭാവത്താൽ ഉണ്ടാകുന്ന മഴക്കാർ സൂര്യനെ മറച്ചിരിക്കുന്നതുപോലെ ആത്മപ്രകൃതിയായ തമസ് ആത്മാവിനെ മറച്ചിരിക്കുന്നു. ആ തമസിനപ്പുറത്തുള്ള ആത്മാവിനെ അറിയുകയാണ് മനുഷ്യന്റെ ആത്യന്തികലക്ഷ്യം എന്ന് ഋഷി ഇവിടെ സൂചിപ്പിക്കുന്നു. മോക്ഷത്തിന് ആത്മാവിനെ അറിയുകയല്ലാതെ വേറെ മാർഗമൊന്നുമില്ല.

ആഴത്തിന്മീതേ ഇരുൾ ഉണ്ടായിരുന്നു എന്ന് പറയുന്നത് ആത്മാവായ ദൈവത്തെ ആവരണം ചെയ്ത് നിൽക്കുന്ന തമസിനെ(ഇരുട്ടിനെ)യാണുദ്ദേശിക്കുന്നത്. ആ തമസിൽ നിന്നാണ് സൃഷ്ടിയുടെ ആരംഭം.

വചനം: അഥവ വാക്ക് (WORD) ഉപനിഷത്തിലെ വിഷയമാണ്. ശബ്ദബ്രഹ്മം എന്ന് മറ്റൊരു പേര്. ബൈബിളിൽ ‘ആമേൻ’ എന്ന് വചനത്തിന്റെ പേരെങ്കിൽ ഉപനിഷത്തിൽ ‘ഓം’ എന്നാണ്. സർവ്വസൃഷ്ടിയും പ്രകടമാകുന്നത്(Manifestation) ‘ഓമി’ൽ

നിന്നാണ്. ബൈബിൾ പറയുന്ന ഇടിമുഴക്കം, പെരുവെള്ളത്തിന്റെ ഇരച്ചിൽ എല്ലാം 'ഓം'കാരമാണ്. ധ്യാനത്തിൽ അതീന്ദ്രിയ തലങ്ങളിൽ വ്യാപരിക്കുന്ന യോഗികൾക്ക് അത് കേൾക്കാം. 10 തരത്തിലുള്ള നാദങ്ങളെക്കുറിച്ച് യോഗശാസ്ത്രങ്ങൾ പറയുന്നുണ്ട്. അതിൽ ഉയർന്നത് ഇടിമുഴക്കവുമാണ്. ക്രിസ്തുവിന്റെ പ്രത്യക്ഷതക്ക് മുൻപുള്ള പെരുമ്പറ ഘോഷവും ഇടിമുഴക്കവുമെല്ലാം യോഗശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന വിഷയങ്ങളാണ്.

ഭാരതത്തിൽ വിശേഷമായ കാര്യങ്ങൾ പറയുമ്പോൾ ''ഓം'' എന്നുച്ചരിച്ചുകൊണ്ടാണ് പറഞ്ഞിരുന്നത്. യേശുക്രിസ്തു ''ആമേൻ, അമേൻ'' എന്ന് പറഞ്ഞു കൊണ്ടാണ് സംസാരിച്ചിരുന്നത്. ആമേൻ എന്ന പദത്തിന്റെ മഹത്വം അറിയായ്കയാലായിരിക്കണം ഈ അടുത്തകാലത്ത് ബൈബിളിൽ 'ആമേൻ, ആമേൻ' എന്നത് നീക്കം ചെയ്ത് പകരം ചില വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു.

വചനത്തിന്റെ ആദിമരൂപം 'പര'യെന്നറിയപ്പെടുന്നു. ശബ്ദത്തിന്റെ ആദ്യരൂപമാണത്. പരയിൽ നിന്നുത്ഭവിക്കുന്ന ശബ്ദം പശ്യന്തിയിലൂടെ മദ്ധ്യമയിലേക്കും മദ്ധ്യമയിൽ നിന്നും വൈഖരിയിലേക്കും കടക്കുന്നു. മനസിൽ ആശയമായി, ഭാഷയായി വാക്ക് പ്രകടമാകുമ്പോൾ മദ്ധ്യമയാണ്. ശബ്ദപേടകത്തിലൂടെ ശബ്ദം വെളിയിലേക്ക് വരുമ്പോൾ വൈഖരിയും. പരയിൽ നിന്നും ശബ്ദം ഉത്ഭവിക്കുന്നത് മനുഷ്യന്റെ ഉള്ളിന്റെയുള്ളിൽ നി ന്നാണ്. യോഗശാസ്ത്രം ആ സ്ഥാനത്തെ മൂലാധാരം എന്ന് പറയുന്നു. വചനമാകുന്ന ദൈവത്തിൽ നിന്നാണ് ശബ്ദം ഉണ്ടാകുന്നത്. അതുകൊണ്ട് വചനത്തിലേക്ക് എത്തിച്ചേരണമെങ്കിൽ നാം പറയുന്ന വാക്കുകൾ സത്യമായിരിക്കണം. ദൈവത്തിലേക്ക് തുറക്കുന്ന വാതിൽ വാക്കാണ്, വചനമാണ്. മനസിൽ വരുമ്പോൾ വാക്ക് എന്തൊ അതെ വെളിയിലേക്ക് പറയാവൂ. വാക്കും മനസും ഒന്നാക്കിയാൽ അതിനെ പ്രവർത്തിപ്പിക്കുന്ന പ്രാണനും വശമാകും. അതുകോണ്ടാണ് മനസാ, വാചാ, കർമ്മണാ സത്യമേ ആചരിക്കാവൂ എന്ന് പറഞ്ഞത്.

ആകാശം പോലെ അനന്തവും സർവ്വവ്യാപിയുമായ ആത്മാവായ ദൈവത്തെ, ഒരു വ്യക്തിയേപ്പോലെ മനസിലാക്കുന്നവർക്ക് ഇത് മനസിലാക്കാൻ പ്രയാസമാണ്. വായുവിനേക്കാൾ, ആകാശത്തെക്കാൾ സൂക്ഷ്മമാണ് ആത്മാവ് എന്നറിയുന്നവർക്ക് ഇത് മനസിലാക്കുക എളുപ്പം. ആത്മാവിന് അനവധി വാസസ്ഥാനങ്ങൾ ഉണ്ട്. സകല ചരാചരങ്ങളും ആത്മാവിന്റെ വാസസ്ഥാനങ്ങളാണ്. അതിൽ ഏറ്റവും വിശേഷമായത് മനുഷ്യ ശരീരമാണ്. ദൈവത്തിന്റെ ശരീരത്തിൽ തന്റേത് എന്ന് അഭിമാനിക്കുന്ന മനുഷ്യൻ വാസ്തവത്തിൽ സത്യം അറിയുന്നില്ല.

മാറ്റത്തിന് വിഷയീഭവിക്കുന്ന ദൈവസത്തയാണ് വചനം. എന്നാൽ ആത്മാവ് മാറ്റമില്ലാത്തതാണ്. വചനത്തിൽ നിന്നാണ് സ്ഥൂലവും ജഡവുമായതെല്ലാം ആവിർഭവിക്കുന്നത്. സൂക്ഷ്മഭാവത്തിൽ നിന്നും സ്ഥൂല ഭാവത്തിലേക്ക് രൂപാന്തരപ്പെടുന്നതാണ് സൃഷ്ടിയെന്നറിയപ്പെടുന്നത്. ആകാശം സൂക്ഷ്മഭാവമാണ്. വായു ആകാശത്തെക്കാൾ സ്ഥൂലം, അഗ്നി അതിലും സ്ഥൂലമാണ്. വെള്ളം അഗ്നിയെക്കാൾ സ്ഥൂലം. ഭൂമി വെള്ളത്തെക്കാൾ സ്ഥൂലം. ഇങ്ങനെ പരിണമിക്കുന്ന ഒരു സത്തയാണ് വചനം, എന്നാൽ പരിണമിക്കാതെ നിലനിൽക്കുന്നതാണ് ആത്മാവ്. ഈ രണ്ടിന്റേയും ചേർച്ചയാണ് നാം കാണുന്നതെല്ലാം. ജഡ(Matter)മായതെല്ലാം ആത്മാവിന്റെ പ്രകൃതിയായ വചനത്തിൽ നിന്ന്. ചേതനയെല്ലാം ആത്മാവിന്റെ സ്ഫുരണങ്ങൾ.

സൃഷ്ടിയുടെ ആരംഭത്തിൽ വചനവും ആത്മാവും ഉണ്ടായിരുന്നു, ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. വെള്ളത്തിൽ നിന്നും ഉണ്ടായ ഭൂമിയിലെ പൊടിയിൽ നിന്നും ശരീരം നിർമ്മിച്ച് ദൈവം ജീവശ്വാസമായി അതിലേക്ക് പ്രവേശിച്ചു. അപ്പോൾ മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു. ഇത്രയുമാണ് നമുക്ക് പെട്ടെന്ന് കിട്ടുന്ന ഒരു അറിവ്. ആകാശം പോലെ അനന്തവും സർവ്വവ്യാപിയുമായ ആത്മാവായ ദൈവ

ത്തെ, ഒരു വ്യക്തിയേപ്പോലെ മനസിലാക്കുന്നവർക്ക് ഇത് മനസിലാക്കാൻ പ്രയാസമാണ്. വായുവിനേക്കാൾ, ആകാശത്തെക്കാൾ സൂക്ഷ്മമാണ് ആത്മാവ് എന്നറിയുന്നവർക്ക് ഇത് മനസിലാക്കുക എളുപ്പം. ആത്മാവിന് അനവധി വാസസ്ഥാനങ്ങൾ ഉണ്ട്. സകല ചരാചരങ്ങളും ആത്മാവിന്റെ വാസസ്ഥാനങ്ങളാണ്. അതിൽ ഏറ്റവും വിശേഷമായത് മനുഷ്യ ശരീരമാണ്. ദൈവത്തിന്റെ ശരീരത്തിൽ തന്റേത് എന്ന് അഭിമാനിക്കുന്ന മനുഷ്യൻ വാസ്തവത്തിൽ സത്യം അറിയുന്നില്ല.

ദൈവം വസിക്കുന്ന മന്ദിരം(ക്ഷേത്രം) ആണ് ശരീരം. സൃഷ്ടിയെന്നാൽ ദൈവത്തിനു വസിക്കാൻ ഒരു ശരീരം ഉണ്ടാക്കി അതിൽ പ്രവേശിച്ചതാണ്. ആത്മാവായ ദൈവം തന്റെ പ്രകൃതിയായ വചനത്തെ സ്ഥൂലീകരിച്ച് ഒരു ശരീരം ഉണ്ടാക്കിയെന്ന് മനസിലാക്കാവുന്നതാണ്. സൃഷ്ടിയെന്നാൽ ശൂന്യത്തിൽ നിന്നും ഒന്നും ഉണ്ടാക്കുകയല്ല, മറിച്ച് അത്യന്തം സൂക്ഷ്മമായ വചനത്തിൽ നിന്നു, ദൈവത്തിന്റെ ശക്തിയിൽ നിന്ന്, അതിനെത്തന്നെ സ്ഥൂലത്തിലേക്ക് പരിവർത്തിപ്പിച്ച്, ഈ പ്രപഞ്ചമാക്കിത്തീർക്കുകയാണ് ചെയ്തത്.

ശരീരം വചനമായ ദൈവവും, അതിലെ ചേതന ആത്മാവായ ദൈവവും. മനുഷ്യൻ അതിൽ രൂപപ്പെട്ട അഹംകാരം മാത്രം. നശ്വരവും അനശ്വരവും മനുഷ്യനിൽ സമ്മേളിച്ചിരിക്കുന്നു. നിത്യമായതും അനിത്യമായതും വേർതിരിച്ചറിയേണ്ടിയിരിക്കുന്നു. അതിൽ നിത്യമായതിനുവേണ്ടി ജീവിക്കുകയും അനിത്യമായതിനെ ത്യജിക്കുകയുമാണ് ചെയ്യേണ്ടത്. അതിന് ആദ്യം വേണ്ടത നിത്യാനിത്യവസ്തുക്കളെക്കുറിച്ചുള്ള വിവേകമാണ്. അനിത്യത്തെ ത്യജിച്ച് നിത്യത്തോട് ചേരുന്നവനാണ് ആത്മീയൻ. അനിത്യത്തിനായി ആഗ്രഹിക്കുകയും ജീവിക്കുകയും ചെയ്യുന്നവർ ജഡീകരാണ്.

പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ സ്ഥൂലശരീരം അന്നമയമാണ്. ആഹാരത്താൽ പോഷിപ്പിക്കപ്പെടുകയും അതില്ലാതായാൽ ക്ഷയിക്കുകയും ചെയ്യും. ഇത് മനുഷ്യന്റെ മൺകൂട് എന്ന് ബൈബിൾ പറയുന്നു. മനുഷ്യാ നീ മണ്ണാകുന്നു എന്ന് പറയുന്നത് സത്യമല്ല. പലരും താൻ ശരീരമാണ് അതുകൊണ്ട് ശരീരത്തിന്റെ നാശത്തോടെ മരിക്കുന്നു എന്ന് കരുതുന്നു. എന്നാൽ അത് മനുഷ്യന്റെ വാസഗ്രഹം ആണ്. അങ്ങനെയെങ്കിൽ മനുഷ്യൻ ആര്?. ഈ അന്വേഷണം പലരും നടത്താറില്ല. അതുകൊണ്ട് തന്നെക്കുറിച്ച് പോലും അറിവുമില്ല. ശരീരമല്ലെങ്കിൽ പിന്നെ മനസാണോ? ബുദ്ധിയാണോ? ഇതൊക്കെയാണെന്ന് ചിലപ്പോഴെങ്കിലും പറയാറുണ്ട്. ഞാൻ സങ്കൽപിച്ചു എന്ന് പറയുമ്പോൾ 'ഞാൻ' മനസാണ്. എന്റെ മനസിന് നല്ല സുഖമില്ല എന്ന് പറയുമ്പോൾ ഞാൻ മനസല്ല എന്നും മനസ് എന്റേതാണെന്നും സമ്മതിക്കുന്നു. ഞാൻ ഓടി ഓടി തളര്ന്നുപോയി എന്ന് പറയുമ്പോൾ ഞാൻ ശരീരമാണ്. അടുത്തനിമിഷം എന്റെ ശരീരമാകെ വേദനിക്കുന്നു എന്ന് പറയുകയും ചെയ്യും അപ്പോൾ ഞാൻ ആരാണ്?. ശരീരം ശൈശവത്തിൽ നിന്നും ബാല്യത്തിലേക്കും, കൗമാരത്തിലേക്കും, യൗവനത്തിലേക്കും എല്ലാം പരിണമിച്ചുകൊണ്ടിരിക്കുന്നു. അതെല്ലാം അനിത്യവും, നശ്വരവുമാണ്. എന്നാൽ ഈ മാറ്റത്തിലൊന്നും മാറാതെ സ്ഥിരമായി ഉണ്ടായിരുന്നതാണ് ഞാൻ എന്ന ബോധം. മരണത്തിനുശേഷം എനിക്കെന്ത് സംഭവിക്കും എന്ന് ചിന്തിക്കാൻ കഴിയുന്നുണ്ട്. അതുപോലെ മാതാപിതാക്കളുടെ ഗർഭത്തിലേക്ക് വരുന്നതിനുമുൻപ് ഞാൻ ഉണ്ടായിരുന്നുവോ എന്ന് ചിന്തിക്കാനും കഴിയുന്നുണ്ട്. ഞാൻ എന്ന ബോധം അനശ്വരമാണ്, നിത്യമാണ്. പക്ഷെ ആ ഞാൻ ആരാണെന്നോ, എന്താണെന്നോ കൃത്യമായ ഒരറിവ് നമുക്കില്ല. എങ്കിലും ഞാൻ ഞാൻ എന്ന് നശ്വരങ്ങളായ ഇന്ദ്രിയ മനോബുദ്ധിയാദികളിൽ അഭിമാനിക്കുന്നുണ്ട്. അവയൊന്നും ഞാനല്ല, എന്റേതാണ് എന്ന ബോധവും ഇടക്കുണ്ട്. ഞാൻ എന്താണ്?ഞാൻ ആരാണ്?

ഈ അന്വേഷണം, തന്നെതന്നെ അന്വേഷിക്കുന്നത്, വാസ്തവത്തിൽ ഈശ്വരാന്വേഷണം തന്നെയാണ്. ''എന്നെ അന്വേഷിക്കാത്തവർ എന്നെ കണ്ടെത്തി, എന്നെ ചോദിക്കാത്തവർക്ക് ഞാൻ പ്രത്യക്ഷനായി'' എന്ന് ദൈവം പറയുന്നത് ശ്രദ്ധിക്കുക. ആ

ഥാർത്ഥ ''ഞാൻ'' ആത്മാവു തന്നെയാണ് എന്നാണിവിടെ ഉദ്ദേശിക്കുന്നത്. യേശു ക്രിസ്തു ഈ സത്യം സാക്ഷാൽക്കരിച്ചു. ഞാൻ ആത്മാവാണ് എന്ന് കണ്ടെത്തി. യേശുക്രിസ്തു പറഞ്ഞു:-''ഞാനും പിതാവും ഒന്നാകുന്നു'' (ഞാൻ ആത്മാവാകുന്നു). ഭാരതത്തിലെ ഋഷീശ്വരന്മാർ ഈ സത്യം കണ്ടെത്തി, അവർ പറഞ്ഞ്:- അഹം ബ്ര ഹ്മാസ്മി (ഞാൻ ബ്രഹ്മമാകുന്നു, ഞാൻ ആത്മാവാകുന്നു.

ഈ സാക്ഷാൽക്കാരം ഉണ്ടാക്കാൻ വേണ്ട മാർഗനിർദ്ദേശം ചെയ്ത് സഹായിക്കുക മാത്രമാണ് യേശുക്രിസ്തു ചെയ്തത്. ഈ ലക്ഷ്യത്തിന്നായി കഠിനപ്രയത്നം ചെ യ്യേണ്ടത് നാം ഓരോരുത്തരുമാണ്. ചിലർ ധരിച്ചിരിക്കുന്നത് നാം ഒന്നും ചെയ്യേണ്ട തില്ല, യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ എല്ലാം അവൻ ചെയ്തുകൊള്ളും എന്നാ ണ്. ദേഹിയിലെ എല്ലാ മാലിന്യങ്ങളും കഴികി വെടിപ്പാക്കേണ്ടത് നാം തന്നെയാണ്. നമ്മുടെ ജീവനെ ആത്മാവിലേക്ക് ഉയർത്തേണ്ടത് നാം തന്നെയാണ്, അത് ചെയ്യാൻ മറ്റാർക്കും കഴിയില്ല. അതിനുള്ള മാർഗനിർദ്ദേശം നൽകാൻ ഗുരുവിനു കഴിയും. നാം ശരീരമാണ്, ദേഹിയാണ് എന്നെല്ലാം ഉള്ള മിഥ്യാധാരണകളിൽ നിന്നും ആത്മാവാ ണ് എന്ന് സ്ത്യത്തിലേക്ക് ഉയരാൻ വേണ്ടതെല്ലാം ചെയ്യേണ്ടത് നാം തന്നെയാണ് എന്ന് മനസിലാക്കുന്നവർ ബുദ്ധിമാന്മാർ.

ഒരുവൻ തന്നെക്കൊണ്ടുതന്നെ സ്വയം കരയേറ്റപ്പെടണം.

ശ്ലോകം 6: 5
ഉദ്ധരേദാത്മനാത്മാനം
നാത്മാനമവസാദയേത്
ആത്മൈവ ഹ്യാത്മനോ ബന്ധുഃ
ആത്മൈവ രിപുരാത്മനഃ

ഒരുവൻ തന്നെക്കൊണ്ടുതന്നെ സ്വയം കരയേറ്റപ്പെടണം. തന്നത്താൻ താഴെപ്പതിക്കാ ൻ പാടില്ല. കാരണം താൻ തന്നെയാണ് തന്റെ ബന്ധു. താൻ തന്നെ തന്റെ ശത്രു വും.

ഭഗവാൻ കൃഷ്ണൻ ഒരു പുഞ്ചിരിയോടെ പറഞ്ഞു:
നിന്റെ സംസാരം കേട്ട് ഞാൻ അത്ഭുതപ്പെടുന്നു. എല്ലാം ഏകമായ ഒരവസ്ഥയിൽ ആർക്ക് എന്തുകൊടുക്കാൻ ആർക്കാണ് കഴിയുക? അജ്ഞതയിൽ ആമഗ്നനായി വ്യാമോഹത്തിന്റെ തത്പത്തിൽ നിദ്രചെയ്യുന്ന ഒരുവന് വേദനാജനകമായ ജനനമര ണങ്ങളെപ്പറ്റിയുള്ള ദുഃസ്വപ്നങ്ങൾ കാണാനിടവരുന്നു. അവൻ ആകസ്മികമായി ഉ ണരുമ്പോൾ അവൻകണ്ട സ്വപ്നം മിഥ്യയായിരുന്നുവെന്ന് അവന് അനുഭവപ്പെടു ന്നു. ആദ്യം കണ്ട സ്വപ്നവും പിന്നീട് മിഥ്യയാണെന്നു തോന്നിയ അനുഭവും അവ ന്റെ മനസ്സിൽത്തന്നെ ഉണ്ടായതാണ്. അതായത് എല്ലാം അവന്റെ മനസ്സിൽത്തന്നെ സ്ഥിതിചെയ്യുന്നുവെന്നർത്ഥം. അങ്ങനെയുള്ള ഒരുവൻ അഹംഭാവംകൊണ്ട് അവന്റെ ശാരീരികമായ നിലനിൽപിന് പ്രാധാന്യം നല്കുമ്പോൾ അത് അവന്റെ നാശത്തിന് വഴിതെളിക്കുന്നു.

കണ്ണുണ്ടെങ്കിലും അന്ധനായി സങ്കല്പിക്കുന്നു.

ശ്ലോകം 6: 6
ബന്ധുരാത്മാത്മനസ്തസ്യ
യേനാത്മൈവാത്മനാ ജിതഃ
അനാത്മനസ്തു ശത്രുത്വേ
വർത്തേതാത്മൈവ ശത്രുവത്

ഇന്ദ്രിയവിഷയസംബന്ധമായ മനസ്സിനെ നിയന്ത്രിച്ച് ആത്മസ്വരൂപിയായി ഭവിച്ച ഒരു ജ്ഞാനിക്ക് സ്വന്തം അന്തഃകരണം ഒരുറ്റബന്ധുവിനെപോലെ സഹായിയാണ്. എന്നാൽ മനോനിയന്ത്രണത്തിനു തുനിയാത്ത ഒരു ലൗകികന് അവന്റെ അന്തഃകരണം ഒരു ശത്രുവിനെപോലെ അവനെതിരായി പ്രവർത്തിക്കുന്നു.

ഒരുവൻ സ്വയം വിചിന്തനം ചെയ്ത് അഹംഭാവത്തെ ഒഴിവാക്കിയാൽ അവൻ ശാശ്വതസ്വരൂപമായ ബ്രഹ്മവുമായി ഒന്നുചേരുകയും പരമമായ നന്മ കൈവരിക്കുകയും ചെയ്യും. പട്ടുനൂൽപുഴു പട്ടുനൂലുകൊണ്ട് സ്വയം കൂടു നിർമ്മിച്ച് അതിലിരുന്ന് ശ്വാസം മുട്ടിമരിക്കുന്നു. അതുപോലെ, മോടിപിടിപ്പിച്ച് തന്റെ ശരീരത്തോടുള്ള മമത കൊണ്ട്, അതുതന്നെയാണ് ആത്മാവെന്നുകരുതുന്നവന് ആത്മാവുതന്നെ ശത്രുവായിത്തീർന്ന് അവന്റെ നാശത്തിനു വഴിതെളിക്കുന്നു. ഭാഗ്യം കടാക്ഷിക്കുന്ന തിനു തയ്യാറായി ഒരു ഖനിതന്നെ മുന്നിൽ തുറന്നുവയ്ക്കുമ്പോൾ, കണ്ണുണ്ടെങ്കിലും അന്ധനായി സങ്കല്പിച്ച്, അതു കാണാതെ കണ്ണടച്ചുകളയുന്ന ഒരു നിർഭാഗ്യവാനെപ്പോലെയോ, കേവലം മതിഭ്രമംകൊണ്ടുമാത്രം ഞാൻ ഞാനല്ലാതായിത്തീർന്നിരിക്കുന്നു, എനിക്ക് എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു എന്ന വൃഥാ സങ്കല്പിക്കുന്ന ഒരു മാനസികരോഗിയെപോലെയൊ ഒരുവൻ വസ്തുതകൾക്കു വിപരീതമായി സ്വയം പെരുമാറാൻ തുടങ്ങിയാൽ അതിനെന്താണൊരു പ്രതിവിധി? യഥാർത്ഥത്തിൽ ആത്മാവ് ബ്രഹ്മം തന്നെയാണെങ്കിലും അവന്റെ മനസ്സ് ആ നിലയിൽ ചിന്തിക്കാതിരിക്കുന്നത് എത്ര ദയനീയമാണ്?

സ്വപ്നത്തിൽ ഏറ്റതായി കരുതുന്ന ഒരു മുറിവുകൊണ്ട് ആരെങ്കിലും മരിക്കുമോ? അജ്ഞാനിയായ ഒരു മനുഷ്യൻ തത്തയും കുഴൽത്തണ്ടും എന്ന കഥയിലെ തത്തയെപ്പോലെയാണ്. തത്തയെ പിടിക്കുന്നതിനുവേണ്ടി വൃക്ഷത്തിൽ വേടൻ ഘടിപ്പിക്കുന്ന കുഴൽത്തണ്ടിൽ തത്ത വന്നിരിക്കുമ്പോൾ അതിന്റെ ഭാരംകൊണ്ട് തണ്ട് കറങ്ങിത്തുടങ്ങുന്നു. തന്നിമിത്തം ഭയപ്പെടുന്ന തത്ത തണ്ടിൽ മുറുക്കിപ്പിടിക്കുന്നു. അതിന് എപ്പോവേണമെങ്കിലും പിടിവിടിവിക്കാമെങ്കിലും അതു മനസ്സിലാക്കാതെ കുഴൽത്തണ്ട് വേഗത്തിൽ കറങ്ങുന്തോറും ആ തത്ത കൂടുതൽ കൂടുതൽ തണ്ടിൽ മുറുക്കിപ്പിടിക്കുകയാണ് ചെയ്യുന്നത്. പിടിച്ചുവലിച്ചാൽപോലും തത്ത കുഴൽത്തണ്ടിന്മേലുള്ള അതിന്റെ പിടി വിടുകയില്ല. അതുകൊണ്ട് അതിനെ കുഴൽത്തണ്ടിനോട് ബന്ധിച്ചിരിക്കുന്നുവെന്ന് പറയാൻ കഴിയുമോ?

അതുപോലെയാണ് മനുഷ്യൻേറയും സ്ഥിതി. താൻ ബന്ധിതനാണെന്നുള്ള ചിന്ത ഉള്ളിടത്തോളം കാലം അവൻ കൂടുതൽ കൂടുതൽ ബന്ധനത്തിലേക്കു വഴുതി വീഴുന്നു. അർജ്ജുനാ അഹംഭാവം നിറഞ്ഞ ഒരുവൻ അവന്റെതന്നെ ശത്രുവാണ്. താൻ ബന്ധിതനാണെന്നുള്ള അബദ്ധധാരണയില്ലാത്തവൻ വിവേകിയാണെന്നു ധരിച്ചാലും.

(കടപ്പാട്:- ഭഗവത് ഗീത, ജ്ഞാനേശ്വരിഭാഷ്യം)

abraham_mukkath@yahoo.com